## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3700 — 11- 12-2018 ൽ മറുപടിയ്ക്ക്

### മുൻ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | 2011-16 കാലയളവിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറായിരുന്ന ഡോ. പി. നസീറിനെ എന്തൊക്കെ വ്യവസ്ഥകളിലാണ് നിയമിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചിരുന്നത്. |
| (ബി) | അദ്ദേഹത്തിന്റെ മാതൃസ്ഥാപനം ഏതെന്ന് വെളിപ്പെടുത്തുമോ; | (ബി) | മന്നാനിയ ആർട്സ് & സയൻസ് കോളേജ് , പാങ്ങോട് , തിരുവനന്തപുരം. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥനെ സർക്കാർ സർവ്വീസിൽ ഉൾക്കൊള്ളിക്കുവാൻ മന്ത്രിസഭാ തീരുമാനമുണ്ടായിട്ടുണ്ടോ; | (സി) | 20.01.2016 ലെ 8092 -ാം നമ്പർ ഇനമായി അന്നത്തെ മന്ത്രിസഭായോഗം ഡോ.പി.നസീറിനെ ന്യൂനപക്ഷക്ഷേമ ഡയറക്ടർ തസ്തികയിൽ റഗുലറൈസ് ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. |
| (ഡി) | ധന, നിയമ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുകൾ ഇദ്ദേഹത്തെ ഉൾക്കൊള്ളിക്കുവാനുള്ള പ്രൊപ്പോസൽ അംഗീകരിച്ചിരുന്നുവോ; | (ഡി) | അംഗീകരിച്ചിരുന്നില്ല. |
| (ഇ) | ഇല്ലെങ്കിൽ ഈ വകുപ്പുകളുടെ എതിരഭിപ്രായം മറികടന്നുകൊണ്ട് ഇത്തരമൊരു ശിപാർശ നൽകാനിടയായ സാഹചര്യം വിശദമാക്കാമോ? | (ഇ) | സാഹചര്യം ബന്ധപ്പെട്ട ഫയലിൽ വ്യക്തമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ